## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

### എല്ലാ പഞ്ചായത്തുകളിലും അലോപ്പതി, ആയുർവ്വേദം, ഹോമിയോ ചികിത്സാ സൗകര്യങ്ങൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 652 — 12.6.2013 - ൽ മറുപടിയ്ക്ക്

ചോദ്യം — മറുപടി

| ശ്രീ. എം. ചന്ദ്രൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | എല്ലാ പഞ്ചായത്തുകളിലും അലോപ്പതി, ആയുർവേദം, ഹോമിയോ ചികിത്സാ സൗകര്യങ്ങൾ സർക്കാർ മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ടോ; | എ) | ഇല്ല |
| ബി) | ഇല്ലെങ്കിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് ഇവ ഇല്ലാത്തതെന്ന് വ്യക്തമാക്കുമോ; | ബി) | വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) | ഈ ചികിത്സാ സൗകര്യങ്ങൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഇത് ഉണ്ടാക്കുവാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കുമോ; | സി) | 2012 - 13 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കപ്പെട്ട 50 പുതിയ ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങുന്നത് സംബന്ധിച്ച ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. അലോപ്പതി / ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| ഡി) | ആലത്തൂർ നിയോജക മണ്ഡലത്തിലെ ആലത്തൂർ പഞ്ചായത്തിൽ ഹോമിയോ ആശുപത്രിയും എരിമയൂർ പഞ്ചായത്തിൽ ആയുർവ്വേദ ആശുപത്രിയും പ്രാവർത്തികമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | ഡി) | ആലത്തൂർ പഞ്ചായത്തിൽ ഹോമിയോ ആശുപത്രി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്. എരിമയൂർ പഞ്ചായത്തിൽ ആയുർവേദ ആശുപത്രി തുടങ്ങുന്നതിന് പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടില്ല. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്** — സെക്ഷൻ ഓഫീസർ